**പതിനാലാം കേരള നിയമസഭ**

ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 2564 **06.02.2018** -ലെ മറുപടിക്ക്

**അരൂർ മണ്ഡലത്തിലെ അംബേദ്കർ സ്വാശ്രയ ഗ്രാമം പദ്ധതി നിർവ്വഹണം**

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.എ.എം. ആരിഫ്** | | **ശ്രീ. എ.കെ.ബാലൻ (പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്കസമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പ് മന്ത്രി)** | |
| (എ) | അംബേദ്കർ സ്വാശ്രയ ഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തി അരൂർ മണ്ഡലത്തിൽ പട്ടണക്കാട്, തൈക്കാട്ടുശ്ശേരി എന്നീ ബ്ലോക്കുകളിലായി ഏതെല്ലാം കോളനികൾ ആണ് ഏറ്റെടുത്തിട്ടുള്ളത്; | (എ) | അരൂർ മണ്ഡലത്തിലെ പട്ടണക്കാട് ബ്ലോക്കിൽ നിന്നും കുമ്പഞ്ഞി കോളനിയെ അംബേദ്കർ ഗ്രാമം പദ്ധതിയിൽ തെരഞ്ഞെടുത്തിട്ടുണ്ട്. തൈക്കാട്ട്ശ്ശേരി ബ്ലോക്കിൽ നിന്നും ടി പദ്ധതിയിൽ കോളനി തെരഞ്ഞെടുത്തിട്ടില്ല. |
| (ബി) | ഏത് ഏജൻസി മുഖേനയാണ് പദ്ധതികളുടെ നിർവ്വഹണം നടത്തുന്നത് എന്ന് വ്യക്തമാക്കാമോ; | (ബി) | KITCO എന്ന ഏജൻസി മുഖേനയാണ് പദ്ധതി നടപ്പാക്കുന്നത്. |
| (സി) | സ്വയംപര്യാപ്ത പട്ടികജാതി ഗ്രാമ പദ്ധതിയിൽപ്പെടുത്തി അരൂർ മണ്ഡലത്തിലെ ചേന്നംപള്ളിപ്പുറം പഞ്ചായത്തിൽ 2016-17 വർഷത്തിൽ ഏറ്റെടുത്ത ഇത്തിത്തറ കോളനിയിലെ നിർവ്വഹണ ഏജൻസിയായ എഫ്: ഐ ടി ഏറ്റെടുത്ത പ്രവൃത്തി കൃത്യസമയത്ത് ചെയ്യാതെ വൈകിയത് നിമിത്തം കോളനിയിലേക്കുള്ള റോഡ് സഞ്ചാര യോഗ്യമല്ലാതായി തീർന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) | 2013-14 ൽ സ്വയംപര്യാപ്ത ഗ്രാമം പദ്ധതിയിൽ ഏറ്റെടുത്ത ഇത്തിത്തറ കോളനിയിൽ പദ്ധതിയുടെ ഭാഗമായി ചെയ്യാൻ ഉദ്ദേശിച്ച റോഡ് പ്രവൃത്തി വൈകിയ കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പ്രവൃത്തി നിർവ്വഹിക്കുന്നതിനു നടപടി സ്വീകരിച്ചിട്ടുണ്ട്. |
| (ഡി) | ആയത് എത്രയും വേഗം പൂർത്തികരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ? | (ഡി) | എത്രയും വേഗം പദ്ധതി പൂർത്തീകരിച്ച് ഫൈനൽ ബിൽ സമർപ്പിക്കുവാൻ ഏജൻസിക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ